## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2927** **24-02-2026 - ൽ മറുപടിയ്ക്ക്**

## സിനിമാ മേഖലയിൽ പോഷ് ആക്ട്-2013 പ്രകാരമുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2017-ൽ കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട കേസിനും ഹേമ കമ്മിറ്റി റിപ്പോർട്ടിനും ശേഷം മലയാള സിനിമാ മേഖലയിൽ വീണ്ടും പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സിനിമാ കോൺക്ലേവ് നടക്കുകയും നയരൂപീകരണത്തിന് നടപടികൾ സ്വീകരിക്കുകയും ചെയ്തതിനുശേഷവും രാജ്യാന്തര ചലച്ചിത്ര മേളയുടെ മുന്നോടിയായി നടന്ന ഡോക്യുമെന്ററി സ്ക്രീനിംഗിനെത്തിയ സംവിധായകയെ നിർമ്മാതാവും സംവിധായകനും രാഷ്ട്രീയപ്രവർത്തകനുമായ വ്യക്തി അധിക്ഷേപിച്ചുവെന്ന പരാതി പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; | (ബി) | ഐ.എഫ്.എഫ്.കെ. യിലെ മലയാള സിനിമ ഇന്ന് വിഭാഗത്തിലെ സ്ക്രീനിംഗ് കമ്മിറ്റി മെമ്പറെ ടി കമ്മിറ്റിയുടെ ചെയർമാൻ സ്ക്രീനിംഗ് കഴിഞ്ഞ് റിപ്പോർട്ട് നൽകിയതിനു ശേഷം ഹോട്ടൽ മുറിയിൽ വെച്ച് മോശമായി പെരുമാറിയതിനെ സംബന്ധിച്ച് പരാതിക്കാരി ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയുടെ പകർപ്പ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ലഭ്യമാക്കിയിട്ടുള്ളതും ടി പരാതി സംബന്ധിച്ച് അക്കാദമിയിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി കൺവീനർ പരാതിക്കാരിയെ നേരിട്ട് സന്ദർശിച്ച് പരാതി സംബന്ധിച്ച് വിശദമായി നേരിൽ കേട്ടതായും ഇതു സംബന്ധിച്ച് ICC കമ്മിറ്റി മൂന്ന് പ്രാവശ്യം യോഗം കൂടിയിട്ടുണ്ടെന്നും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ ഇത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ആരോപണ വിധേയന് ബഹു. കോടതിയിൽ നിന്നും ഉപാധികളോടെ ജാമ്യം അനുവദിച്ചിട്ടുള്ളതും ആയത് പ്രകാരം സ്റ്റേഷനിൽ ഹാജരായ പ്രതിയെ അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. നിലവിൽ ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി തിരുവനന്തപുരം JFMC-3 കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. The Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act 2013 Section 11- പ്രകാരം പ്രഥമ ദൃഷ്ട്യാ പ്രതി |

| | | | |
|---|---|---|---|
| | | | കുറ്റക്കാരനാണെന്ന് കണ്ടാൽ പ്രസ്തുത പരാതി പോലിസിന് കൈമാറണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത പശ്ചാത്തലത്തിൽ ICC കമ്മിറ്റിയ്ക്ക് മറ്റ് തുടർ നടപടികൾ ഇല്ലാത്തത് ആണെന്നും അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>ടി പരാതി 27.11.2025 ന് P6/4481/EKM/2025 നമ്പർ ആയി സംസ്ഥാന വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്മീഷൻ പ്രസ്തുത പരാതി പരിശോധിച്ച് 06.12.2025 - ന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലേക്ക് റിപ്പോർട്ടിനായി അയച്ചിട്ടുള്ളതും, മറുപടി റിപ്പോർട്ട് 23.12.2025 - ന് കമ്മീഷന് ലഭിച്ചിട്ടുള്ളതും റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരിക്ക് 05.02.2026 - ന് അയച്ച നൽകിയിട്ടുള്ളതുമാണ്. പോലീസ് റിപ്പോർട്ട് പ്രകാരം Cantonment police station Crime No. 1324/2025 U/s 74,75(1)(1) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഐ.എഫ്.എഫ്.കെ. യിലെ മലയാള സിനിമ ഇന്ന് വിഭാഗത്തിലെ സ്ക്രീനിംഗ് കമ്മിറ്റി മെമ്പറെ ടി കമ്മിറ്റിയുടെ ചെയർമാൻ സ്ക്രീനിംഗ് കഴിഞ്ഞ് റിപ്പോർട്ട് നൽകിയതിനു ശേഷം ഹോട്ടൽ മുറിയിൽ വെച്ച് മോശമായി പെരുമാറിയതിനെ സംബന്ധിച്ച് പരാതിക്കാരി ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയുടെ പകർപ്പ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ലഭ്യമാക്കിയിട്ടുള്ളതും ടി പരാതി സംബന്ധിച്ച് അക്കാദമിയിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി കൺവീനർ പരാതിക്കാരിയെ നേരിട്ട് സന്ദർശിച്ച് പരാതി സംബന്ധിച്ച് വിശദമായി നേരിൽ കേട്ടതായും ഇതു സംബന്ധിച്ച് ICC കമ്മിറ്റി മൂന്ന് പ്രാവശ്യം യോഗം കൂടിയിട്ടുണ്ടെന്നും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>നിലവിൽ ഇത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ആരോപണ വിധേയന് ബഹു. കോടതിയിൽ നിന്നും ഉപാധികളോടെ ജാമ്യം അനുവദിച്ചിട്ടുള്ളതും ആയത് പ്രകാരം സ്റ്റേഷനിൽ ഹാജരായ പ്രതിയെ അറസ്റ്റ് ചെയ്ത് മതിയായ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. നിലവിൽ ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി തിരുവനന്തപുരം JFMC-3 കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. The Sexual |

| | | | |
|---|---|---|---|
| | | | Harassment of Women at Work Place (Prevention, Prohibition and Redressal) Act 2013 Section 11- പ്രകാരം പ്രഥമ ദൃഷ്ട്യാ പ്രതി കുറ്റക്കാരനാണെന്ന് കണ്ടാൽ പ്രസ്തുത പരാതി പോലിസിന് കൈമാറണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത പശ്ചാത്തലത്തിൽ ICC കമ്മിറ്റിയ്ക്ക് മറ്റ് തുടർ നടപടികൾ ഇല്ലാത്തത് ആണെന്നും അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>ടി പരാതി 27.11.2025 ന് P6/4481/EKM/2025 നമ്പർ ആയി സംസ്ഥാന വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്മീഷൻ പ്രസ്തുത പരാതി പരിശോധിച്ച് 06.12.2025 - ന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലേക്ക് റിപ്പോർട്ടിനായി അയച്ചിട്ടുള്ളതും, മറുപടി റിപ്പോർട്ട് 23.12.2025 - ന് കമ്മീഷന് ലഭിച്ചിട്ടുള്ളതും റിപ്പോർട്ടിന്റെ പകർപ്പ് പരാതിക്കാരിക്ക് 05.02.2026 - ന് അയച്ച നൽകിയിട്ടുള്ളതുമാണ്. പോലീസ് റിപ്പോർട്ട് പ്രകാരം Cantonment police station Crime No. 1324/2025 U/s 74,75(1)(1) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | രാജ്യാന്തര ചലച്ചിത്ര മേളകൾ ഉൾപ്പടെയുള്ള മേഖലകളിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾ നിലവിലുണ്ടോ; സംസ്ഥാനത്തെ സിനിമ മേഖലയിൽ പോഷ് ആക്ട്-2013 ശക്തമായി നടപ്പാക്കാൻ കഴിയാത്തതാണോ ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നതിന് തടസ്സമാകുന്നത്; | (ഡി) | ICC കമ്മിറ്റികൾ നിലിവിലുണ്ട്. കമ്മിറ്റി ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി ഉണ്ടായിരുന്നുവെങ്കിൽ പ്രസ്തുത സംഭവം തടയപ്പെടുന്നതിനും നേരത്തേ തന്നെ പരാതി നൽകുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുമായിരുന്നുവെന്ന് പരാതിക്കാരി പറഞ്ഞത് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | നിലവിൽ സിനിമാ മേഖലയിൽ ICC കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (എഫ്) | സിനിമ മേഖലയിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എഫ്) | സിനിമ മേഖലയിൽ പോഷ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഐ.സി. രൂപീകരണ വ്യവസ്ഥകൾ ഉൾപ്പെടുത്തിയും ഇന്റേണൽ കമ്മിറ്റി വിവരങ്ങൾ പോഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനും നിലവിൽ വകുപ്പിലുള്ള പോഷ് ആക്ട്/ റൂൾ - ഹാന്റ് ബുക്ക് (ഇംഗ്ലീഷ്, മലയാളം), നോഡൽ ഓഫീസർമാരുടെ ലിസ്റ്റ് സഹിതം ഷോർട്ട് വീഡിയോ എന്നിവ FEFKA ഫിലിം പ്രൊഡ്യൂസേഴ്സ് അസ്സോസ്സിയേഷൻ, കേരള ചലച്ചിത്ര അക്കാദമി, |

| | | | |
|---|---|---|---|
| | | | ഫിലിം ചേംബർ ഓഫ് കൊമേഴ്സ്, KSFDC എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതു കൂടാതെ സിനിമാ വ്യവസായത്തിലെ വിവിധ മേഖലയിൽ നിന്നുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് 18.03.2025 ന് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ച് പോഷ് നിയമ പ്രകാരം തയ്യാറാക്കിയ പരിശീലന മൊഡ്യൂൾ ആവശ്യമായ മാറ്റം വരുത്തി 03.04.2025 ന് സിനിമാ മേഖലയിലെ വിവിധ തുറകളിൽ നിന്നുള്ള 85 - ഓളം പേർക്ക് ആദ്യഘട്ടത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്.<br><br>നിലവിലുള്ള പോഷ് പോർട്ടലിൽ സിനിമ/ ടെലിവിഷൻ/ പത്രമാധ്യമ/ തിയേറ്റർ മേഖലകൾക്കായി പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ടി മേഖലകളുടെ രജിസ്ട്രേഷനായി ഒരു യൂസർ മാനുവൽ കൂടി രൂപപ്പെടുത്തുന്നുണ്ട്. അതിനോടൊപ്പം ഈ മേഖലയിലെ പരാതികൾ സമർപ്പിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് posh.wcd@kerala.gov.in എന്ന ഇ-മെയിൽ രൂപീകരിച്ച് ആയത് അലേർട്ടായി ലഭിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | ഈ മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, സ്ത്രീ സുരക്ഷ, ലിംഗനീതി, തൊഴിൽ കരാറുകൾ, വേതനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശക്തമായ നിയമനിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ജി) | സിനിമാ മേഖലയിലെ സമഗ്ര പരിഷ്കരണത്തിനായുള്ള കരട് സിനിമാ നയം സർക്കാരിന്റെ പരിഗണനയിലാണ്. സിനിമാ മേഖലയിലെ ഇത്തരം പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന തരത്തിലുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ